തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ വൈദ്യുതി വിതരണം മെച്ചപ്പെടുത്തുന്നതിന് നടപടി

*2 [108] ശ്രീ. ടി. കെ. ഹംസ:

,, എസ്. ശർമ്മ:

,, എം. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ വൈദ്യുതി വിതരണം മെച്ചപ്പെടുത്തുന്നതിനായി സർക്കാർ ആവിഷ്ക്കരിച്ച പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ മൊത്തം മുതൽ മുടക്ക് എത്ര; ഇതിന് വിദേശസഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത നഗരങ്ങളിലെ വൈദ്യുതി വിതരണം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഭൂഗർഭ കേബിളുകൾ വാങ്ങാൻ നൽകിയ കരാറിലെ ക്രമക്കേടുകളെപ്പറ്റി സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ അന്വേഷണത്തിന്റെയടിസ്ഥാനത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ): സർ,

(എ) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ വൈദ്യുതി വിതരണം മെച്ചപ്പെടുത്തുന്നതിനായി നടപ്പാക്കിവരുന്ന പദ്ധതികൾ പൊതുവേ പുരോഗമിച്ചുവരുന്നു. ചില പദ്ധതികൾ കോടതി ഇടപെടൽമൂലം നിറുത്തിവച്ചിരിക്കുകയാണ്. വിവിധ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി കൊടുത്തിട്ടുണ്ട്.†

(ബി) പ്രസ്തുത പദ്ധതികളുടെ മൊത്തം മുതൽമുടക്ക് ഏകദേശം 397 കോടി രൂപയാണ്. വിദേശ സഹായം ലഭിച്ചിട്ടുണ്ട്. 1994 ഡിസംബർ വരെ ഈ പദ്ധതികൾക്ക് ലോകബാങ്കിൽനിന്നും ധനസഹായം ലഭിക്കുകയും 1995 ജനുവരി മാസം മുതൽ ഈ പദ്ധതിക്കുള്ള സഹായം പവർ ഫിനാൻസ് കോർപ്പറേഷൻ വാഗ്ദാനം ചെയ്യുകയും ചെയ്തിട്ടുണ്ട്.

(സി) കരാർ നൽകുന്നത് സംബന്ധിച്ച് ബോർഡ് അന്തിമ തീരുമാനം എടുത്തിട്ടില്ല. എന്നിരുന്നാലും ഇത് സംബന്ധിച്ച പത്ര വാർത്തയുടെ അടിസ്ഥാനത്തിൽ ബോർഡ് തലത്തിൽ അന്വേഷണം നടത്തിവരുന്നു.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എസ്. ശർമ്മ: കൊച്ചി, തിരുവനന്തപുരം, കോഴിക്കോട് എന്നീ പട്ടണങ്ങളിലേക്ക് പ്രത്യേകമായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികളുടെ പ്രവർത്തനം പുരോഗമിച്ചുവരുന്നു എന്നു പറയുകയുണ്ടായി. ഇത് എന്നത്തേക്ക് പൂർത്തീകരിക്കും?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. കാർത്തികേയൻ: ഈ പ്രവർത്തനങ്ങൾ വ്യത്യസ്ത തലങ്ങൾ ചേർന്നതാണ്. ഇതിനകത്ത് സബ്സ്റ്റേഷനുകളുടെ പ്രവർത്തനങ്ങളുണ്ട്. അണ്ടർഗ്രൗണ്ട് കേബിൾ പ്രവർത്തനങ്ങളുണ്ട്. ചില ടെൻഡറുകൾ പൂർത്തീകരിച്ചിട്ടില്ല. അതുകൊണ്ട് ഈ പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് കൃത്യമായി പറയാൻ കഴിയില്ല.

ശ്രീ. എസ്. ശർമ്മ: പവറിന്റെ കാര്യത്തിൽ ഈ ഗവൺമെന്റ് കാണിക്കുന്ന ജാഗ്രതയെക്കുറിച്ച് മനസ്സിലാക്കാൻവേണ്ടിയാണ് ഞാൻ പറയുന്നത്. കഴിഞ്ഞ ഒരാഴ്ചക്കിടയിൽ എത്ര മില്ല്യൻ യൂണിറ്റ് വൈദ്യുതിയാണ് കേന്ദ്ര പൂളിൽനിന്നും പെർ ഡേ ലഭിച്ചുകൊണ്ടിരിക്കുന്നത്?

ശ്രീ. ജി. കാർത്തികേയൻ: അത് ഇപ്പോൾ അൽപ്പം സമയം കൂടിയിട്ടുണ്ട്. കണക്ക് ഞാൻ എടുത്തുവച്ചിട്ടില്ല. അത് ഞാൻ മേശപ്പുറത്ത് വയ്ക്കാം. കഴിഞ്ഞ ഒരാഴ്ചത്തെ കൃത്യമായ ചാർട്ടുണ്ട്.

ശ്രീ. എം. വിജയകുമാർ: തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ വൈദ്യുതി വിതരണം മെച്ചപ്പെടുത്തുന്നതു സംബന്ധിച്ചുള്ള പദ്ധതികളെക്കുറിച്ചാണ് ഇവിടത്തെ ചോദ്യം. പദ്ധതികൾ ആവിഷ്ക്കരിച്ചുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതല്ലാതെ എന്ത് പദ്ധതിയാണെന്ന് പറയാതെ ഞങ്ങൾക്ക് മനസ്സിലാക്കാൻ കഴിയുമോ? അതിൽ പ്രധാനപ്പെട്ടത്, ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ ശ്രദ്ധിക്കേണ്ട ഒരു വിഷയം, തിരുവനന്തപുരത്തും കൊച്ചിയിലും കോഴിക്കോടുമല്ല—തിരുവനന്തപുരത്ത് പോസ്റ്റുകളെല്ലാം മാറി സിറി മുഴുവൻ കേബിൾ സിസ്റ്റമാക്കുന്ന ഒരു പദ്ധതി—വൈദ്യുതി വിതരണത്തിന്റെ കാര്യത്തിൽ ഒരു നവീകരണത്തിന്റെ പദ്ധതിക്ക് മുൻപ് വേൾഡ് ബാങ്കിന്റെയൊക്കെ സഹായമുണ്ടായിരുന്നു. ആ പദ്ധതി ഇതിൽപ്പെടുന്നതാണോ? വൈദ്യുതി വിതരണം മെച്ചപ്പെടുത്താൻ ഇപ്പോൾ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ ഏതാണെന്ന് വിശദമാക്കുമോ?

ശ്രീ. ജി. കാർത്തികേയൻ: തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിലെ വൈദ്യുതി വിതരണ സമ്പ്രദായം മെച്ചപ്പെടുത്തുന്നതിനു വേണ്ടി ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ പുതിയ സബ്സ്റ്റേഷനുകൾ മാത്രമല്ല, അണ്ടർഗ്രൗണ്ട് കേബിളുകളിട്ട് കംപ്യൂട്ടർ സിസ്റ്റത്തിലൂടെ ഇതിന്റെ വിതരണം ഫലപ്രദമായി നടത്തുന്നതിനുവേണ്ടിയുള്ള ആധുനിക സിസ്റ്റമാണ്. അതിന്റെ ഭാഗമായി തിരുവനന്തപുരത്തും കൊച്ചിയിലും കോഴിക്കോടും സബ്സ്റ്റേഷനുകളുടെയെല്ലാം പ്രവർത്തനം നടക്കുന്നു. അത് ഞാൻ പറയാം. തിരുവനന്തപുരത്ത് മെഡിക്കൽ കോളേജിൽ 110 കെ. വി. സബ്സ്റ്റേഷന്റെ തറ നിരപ്പാക്കുന്ന പ്രവർത്തനങ്ങൾ നടക്കുന്നു. അതിന്റെ yard erection-ന്റെ പണി പുരോഗമിക്കുന്നു. പരുത്തിപ്പാറ സബ്സ്റ്റേഷനിൽനിന്നും മെഡിക്കൽ കോളേജ് സബ്സ്റ്റേഷനിലേക്കുള്ള 110 കെ. വി. ലൈൻ മെഡിക്കൽ കോളേജിനടുത്തുള്ള ഒരു ഹൗസിംഗ് ഫ്ളാറ്റിനു മുകളിൽക്കൂടി വരുന്നതുകൊണ്ട് ഹൗസിംഗ് ബോർഡും അവിടെയുള്ള ഉടമസ്ഥരുംകൂടി ചേർന്ന് തിരുവനന്തപുരം മുൻസിഫ് കോടതിയിൽ ഒരു കേസ് കൊടുത്തു. കോടതിയിൽ ആ കേസ് നിൽക്കുന്നതുകൊണ്ട് കളക്ടർ തീരുമാനമെടുത്തിട്ടില്ല. കോടതിയിലെ കേസ് തീർന്നതിനുശേഷം മാത്രമേ ആ ലൈൻ വലിക്കുന്ന പ്രശ്നം പരിഹരിക്കൂ. അതോടൊപ്പം മെഡിക്കൽ കോളേജ്

LIBRARY ARCHIVES Kerala Legislative Assembly

സബ്സ്റേഷനുമായി ബന്ധപ്പെട്ട് ചില പ്രശ്നങ്ങളുണ്ട്. ശ്രീ. വിജയകുമാറും ഞങ്ങളെല്ലാവരുംകൂടി ഇടപെട്ട് ആ പ്രശ്നങ്ങൾ എല്ലാം തീർന്നിട്ടുണ്ട്.

ശ്രീ. എം. വിജയകുമാർ: വൈദ്യുതി വിതരണം മെച്ചപ്പെടുത്താനാണല്ലോ മന്ത്രിയുടെ പദ്ധതി. ഇപ്പോൾ മെച്ചപ്പെട്ട് മെച്ചപ്പെട്ട് വൈദ്യുതി തന്നെ ഇല്ലാത്ത ഒരു അവസ്ഥയിൽ എത്തിയിട്ടുണ്ട്. സർക്കാരിന്റെ ഔദ്യോഗികമായ പവർകട്ട് പകൽ സമയം മൂന്ന് മണിക്കൂറാണ്. ഒരു ദിവസംപോലും മൂന്നുമണിക്കൂർ സമയത്തേയ്ക്കു മാത്രം നിശ്ചിതമായ കട്ട് ഇവിടെ വന്നിട്ടില്ല. ചിലപ്പോൾ 6 മണിക്കൂർ, ചിലപ്പോൾ 12 മണിക്കൂർ, ചിലപ്പോൾ 18 മണിക്കൂർ—ഇങ്ങനെ പവർകട്ട് പലപ്പോഴായി പല സന്ദർഭങ്ങളിൽ നടക്കുകയാണ്. ഇങ്ങനെ ഒരു സ്ഥിതി മുമ്പ് വൈദ്യുതി ബോർഡിലുണ്ടായിട്ടില്ല. വേണമെങ്കിൽ മൂന്നു മണിക്കൂർ എന്നുള്ളത് വർദ്ധിപ്പിക്കണം. നിശ്ചിത സമയം മുൻകൂട്ടി പ്രഖ്യാപിച്ചുകൊണ്ട് പവർ കട്ട് ഏർപ്പെടുത്താൻ തയ്യാറാകുമോ?

ശ്രീ. ജി. കാർത്തികേയൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് തീർച്ചയായിട്ടും ശ്രദ്ധിക്കുന്നതാണ്. ബ്രിട്ടീഷുകാരുടെ കാലത്ത് ആളുകൾ വാച്ച് കറക്റ്റു ചെയ്തുകൊണ്ടിരുന്നത് ട്രെയിൻ വരുമ്പോഴായിരുന്നു. കഴിഞ്ഞ കുറെക്കാലമായി ലോഡ് ഷെഡ്ഡിംഗ് വന്നതിനുശേഷം ഇലക്ട്രിസിറ്റി ബോർഡിന്റെ സമയംവച്ചാണ് ആളുകൾ വാച്ച് കൃത്യമാക്കുക എന്ന് വെറുതെ തമാശയിൽ പറയാറുണ്ടായിരുന്നു. അത്ര കൃത്യനിഷ്ഠം പാലിക്കുന്നുണ്ട്. എവിടെയെങ്കിലും അവിചാരിതമായി ചില വർക്കുകൾ വന്നുപോയാൽ മൂന്നു മണിക്കൂറെന്നുള്ളത് ചിലപ്പോൾ എക്സീഡ് ചെയ്തു പോകും. മറെറാന്നുമല്ല, എവിടെയെങ്കിലും ലൈനിന്റെ പണികൾ വന്നാൽ ലോഡ് ഷെഡ്ഡിംഗ് സമയത്ത് മാത്രമേ നടത്താൻ പാടുള്ളൂവെന്ന് ബോർഡിന് കർശനമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഒറപ്പെട്ട ചില സന്ദർഭങ്ങളിലോ, സ്ഥലങ്ങളിലോ അങ്ങനെ അല്ലാതെ വന്നുപോയിട്ടുണ്ടെങ്കിൽ തീർച്ചയായിട്ടും അത് ശ്രദ്ധിക്കുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ലോഡ് ഷെഡ്ഡിംഗിന്റെ സമയം കൂട്ടാൻ തൽക്കാലം ഉദ്ദേശിക്കുന്നില്ല.

ശ്രീ. വി. ജെ. തങ്കപ്പൻ: മൂന്നു പട്ടണങ്ങളിലുമായി വൈദ്യുതി ലൈനും ഡിസ്ട്രിബ്യൂഷൻ സിസ്റെറവുമാകെ ഭൂമിക്കടിയിലാക്കിക്കൊണ്ടുള്ള ഒരു പദ്ധതിയാണ് കഴിഞ്ഞ ഗവൺമെൻറിന്റെ കാലത്ത് തുടങ്ങിവച്ചത്. ഓരോ പട്ടണങ്ങളിലും അതിന്റെ അടങ്കൽ തുകയെത്രയാണെന്ന് പറയാമോ? ഓരോ പട്ടണങ്ങളിലും അതിന്റെ പ്രവർത്തനം ഏതുവരെയായി, എത്രത്തോളം പൂർത്തിയായി, അതിന്റെ ലക്ഷ്യം, എത്ര കാലത്തിനകം അത് പൂർത്തിയാക്കാൻ കഴിയുമെന്ന് പറയാമോ? (1) ഓരോ പട്ടണത്തിലേയും അടങ്കൽ തുക (2) തുടങ്ങിവച്ചത് എത്രത്തോളമായി? (3) അതിന്റെ ലക്ഷ്യം ഏതുകാലംകൊണ്ടാണ് പൂർത്തീകരിക്കാൻ ഗവൺമെൻറ് പ്രതീക്ഷിക്കുന്നത്?

ശ്രീ. ജി. കാർത്തികേയൻ: ഞാൻ നേരത്തേ വായിച്ചു. പ്രസ്തുത പദ്ധതിയുടെ മൊത്തം മുതൽമുടക്ക് ഏകദേശം 397 കോടി രൂപയാണ്. പിന്നെ മറെറാന്ന്, അനുബന്ധമായി മൂന്നു നഗരങ്ങളിലെയും കാര്യം കൊടുത്തിട്ടുണ്ട്. തിരുവനന്തപുരത്തിന്റെ കാര്യം ശ്രീ. വിജയകുമാർ ചോദിച്ചു, ഞാൻ പറഞ്ഞു. പിന്നെ പൂർത്തിയാക്കുന്ന കാര്യം ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

നേരത്തേ പറഞ്ഞു. ഇതിനകത്ത് അണ്ടർഗ്രൗണ്ടിൽ പോകുന്ന കേബിളിന്റെയും ring main unit-ന്റെയും ഒക്കെ ടെൻഡർ പരിശോധനയിൽ ഇരിക്കുന്നതേയുള്ളൂ. ഇതുവരെ ടെൻഡർ ഫൈനലൈസ് ചെയ്തിട്ടില്ല.

ശ്രീ. ടി. കെ. ഹംസ: കോഴിക്കോട് ഇലക്ട്രിസിറ്റി വിതരണത്തിൽ പലപ്പോഴും തകരാറുകൾ സംഭവിക്കാറുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിനകത്ത് പല ഘട്ടങ്ങളിലും ലോഡ് ഷെഡ്ഡിംഗിന്റെ സമയത്തല്ലാതെതന്നെ ഓപ്പറേഷൻ തീയേറ്ററിൽ കറന്റു പോകുക തുടങ്ങിയ വലിയ ബുദ്ധിമുട്ടുകളുണ്ട്. അവിടെ മെഡിക്കൽ കോളേജൊക്കെയുള്ള സ്ഥിതിക്ക് ആ നഗരത്തിൽ കറന്റു പോകാതെ ഒരു പ്രത്യേക സംവിധാനം ഏർപ്പെടുത്താൻ കഴിയുമോ?

ശ്രീ. ജി. കാർത്തികേയൻ: തീർച്ചയായും മെഡിക്കൽ കോളേജിൽ അത്തരമൊരു സംഭവമുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ്. കഴിഞ്ഞ രണ്ടാഴ്ചയ്ക്ക് മുൻപ് ആണ് ചേവായൂർ 110 കെ.വി. സബ്സ്റ്റേഷൻ കമ്മീഷൻ ചെയ്തത്. അതിന്റെ ഗുണഫലം ആ നഗരത്തിലുണ്ടായിക്കൊണ്ടിരിക്കുന്നു. അതോടൊപ്പംതന്നെ ശ്രീ. ബാലൻ വൈദ്യരുടെ നിയോജകമണ്ഡലമായ കുന്നമംഗലത്ത് 66 കെ.വി. സബ്സ്റ്റേഷന്റെ ശിലാസ്ഥാപനകർമ്മം നടത്തി. ചേവായൂരിൽ കമ്മീഷൻ ചെയ്യുകയാണ് ചെയ്തത്.

ശ്രീ. ടി. കെ. ഹംസ: ബഹുമാനപ്പെട്ട മന്ത്രി, ഈ നഗരത്തിൽ ചപ്പുചവറുകൾ, പ്രത്യേകിച്ചും കോഴിക്കോട് എളിയൻപറമ്പ് എന്ന സ്ഥലത്ത് കൊണ്ട് ഇടുകയാണ്. അത്യകൊണ്ട് ജനങ്ങൾക്കും നഗരത്തിനും ബുദ്ധിമുട്ടുണ്ട്. ചപ്പ് ചവറുകളുപയോഗിച്ച് കറന്റ് ഉൽപ്പാദിപ്പിക്കുന്ന ഒരു പദ്ധതിയെക്കുറിച്ച് കേട്ടിരുന്നു. നഗരസഭ അതിന് ഒരു പ്രൊപ്പോസലും വച്ചിട്ടുണ്ട്. അത് ബഹുമാനപ്പെട്ട മന്ത്രി ടേക്കപ്പ് ചെയ്ത് നഗരസഭയെ സഹായിച്ച് ആ പദ്ധതി ആവിഷ്ക്കരിക്കാനുള്ള നടപടി സ്വീകരിക്കാമോ?

ശ്രീ. ജി. കാർത്തികേയൻ: ആ നിർദ്ദേശം പരിഗണിക്കാവുന്നതാണ്.

ശ്രീ. എ. സുജനപാൽ: ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞതുപോലെ കോഴിക്കോട് നഗരത്തിലെ വൈദ്യുതി വിതരണത്തിനുവേണ്ടി നൂറു കോടി രൂപയുടെ ഒരു സമഗ്രമായ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. പക്ഷേ ഈ പദ്ധതി വേണ്ടത്ര സ്റ്റാഫില്ലാത്തതുകൊണ്ടും, വേണ്ടത്ര മെറ്റീരിയൽസില്ലാത്തതുകൊണ്ടും വളരെ പതുക്കെയാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്. കോഴിക്കോട് നഗരത്തിൽ വൈദ്യുതി എത്താത്ത സ്ഥലങ്ങളും ഉണ്ട്. അവിടെ വൈദ്യുതി എത്താത്ത സ്ഥലങ്ങളിൽ വേണ്ടത്ര കമ്പികളില്ലാത്തതുകൊണ്ട് ട്രാൻസ്ഫോർമറില്ലാത്തതുകൊണ്ട് കാലതാമസമുണ്ടാകുന്നു. അതുകൊണ്ട് മൂന്നു നഗരങ്ങളിലും ആവിഷ്ക്കരിച്ചിട്ടുള്ള പരിപാടികളും ത്വരിതപ്പെടുത്തുന്നതിനുവേണ്ടി എന്തെല്ലാം സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. ആവശ്യമായ സ്റ്റാഫിനേയും ആവശ്യമായ മെറ്റീരിയൽസും എത്തിച്ചുകൊടുക്കാൻ വേണ്ടിയുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. കാർത്തികേയൻ: മെറ്റീരിയൽസിന്റെ കുറവെന്നു പറയുന്നത് നഗരങ്ങളിൽ മാത്രമല്ല, നാട്ടിൻപുറങ്ങളിലുമുണ്ട്. ഇലക്ട്രിസിറ്റി ബോർഡിന്റെ ബഡ്ജറ്റിൽ കഴിഞ്ഞ വർഷത്തെ അലോക്കേഷൻ

LIBRARY ARCHIVES Kerala Legislative Assembly

അനുസരിച്ചുള്ള പർച്ചേസ് മാത്രമേയുള്ളൂ. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ 15 ഇന പരിപാടിയനുസരിച്ച് 1500 ട്രാൻസ്ഫോർമറുകൾ പുതിയതായി സ്ഥാപിക്കാനും അതിന് അനുബന്ധമായി മറ്റ് മെറ്റീരിയൽസ് ലഭ്യമാക്കാനുമെല്ലാം കേരളത്തിൽ പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അടുത്തകാലത്ത് കൂടുതൽ ലൈൻ എക്സ്റ്റൻഷനുകളും കൂടുതൽ ട്രാൻസ്ഫോർമർ ഇറക്ഷനുകളും കൂടുതൽ അനുബന്ധ പ്രവർത്തനങ്ങളും വന്നപ്പോൾ അധികമായി വാങ്ങിയ മെറ്റീരിയൽസ് പോലും തികയാതെ വന്നിട്ടുണ്ട്. ചില നഗരങ്ങളിലും നാട്ടിൻപുറങ്ങളിലും മെറ്റീരിയൽസിന്റെ അഭാവം വന്നിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ നഗരങ്ങളിലെ കാര്യങ്ങൾക്ക് പ്രത്യേക ശ്രദ്ധ കൊടുക്കുന്നതാണ്. ആ കൂട്ടത്തിൽ നാട്ടിൻപുറത്തിന്റെ കാര്യവും ശ്രദ്ധിക്കുന്നതാണ്.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തിരുവനന്തപുരം മെഡിക്കൽ കോളേജിലെ അണ്ടർഗ്രൗണ്ട് കേബിളും സ്പെഷ്യലായിട്ട് മെഡിക്കൽ കോളേജിന്റെ പ്രത്യേകത മനസ്സിലാക്കി ഏർപ്പെടുത്തിയിരുന്നു. അതുപോലൊരു സംവിധാനം കോഴിക്കോട് മെഡിക്കൽ കോളേജിലും ഏർപ്പെടുത്തുന്നതിന് ഗവൺമെന്റ് സത്വര നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. കാർത്തികേയൻ: ഈ പറയുന്ന സിസ്റ്റത്തിൽ അതെല്ലാം വരും. തീർച്ചയായും അത് ആലോചിക്കും. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞ ഈ മൂന്നു നഗരങ്ങളിലെയും കാര്യത്തിൽ ഉൾപ്പെടുത്തി അത് ചെയ്യാം.

ശ്രീ. വി. വി. രാഘവൻ: സർ, എത്രയും മേജർ മൈനിസിപ്പാലിറ്റികളിലെ പവർ ഡിസ്ട്രിബ്യൂഷൻ സിസ്റ്റം ശക്തിപ്പെടുത്താൻ പവർ ഫിനാൻസിംഗ് കോർപ്പറേഷന്റെ സഹായത്തോടുകൂടി ഒരു മാസ്റ്റർപ്ലാൻ ഉണ്ടാക്കിയിരിക്കുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പറഞ്ഞ കാര്യമാണ്. ഇപ്പോൾ ഇതിന്റെ ഗതി എന്താണെന്ന് പറയാമോ?

ശ്രീ. ജി. കാത്തികേയൻ: മുൻ ഗവൺമെന്റിന്റെ കാലത്തെ ഫലപ്രദമായ നിർദ്ദേശങ്ങൾക്കനുബന്ധമായിട്ടാണ് ഈ ഗവൺമെന്റ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. പിണറായി വിജയൻ: കോഴിക്കോട് വൈദ്യുതി വിതരണം മെച്ചപ്പെടുത്താൻവേണ്ടിയുള്ളതാണ് കോഴിക്കോട് ഡീസൽ പ്ലാന്റ്. അതിന്റെ പണി എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ശ്രീ. ജി. കാർത്തികേയൻ: എപ്പോൾ പണി തുടങ്ങുമെന്ന് പറയാൻ കഴിയുകയില്ല. അതിന്റെ ടെൻഡർ ഫൈനലൈസ് ചെയ്തിട്ടില്ല.

ശ്രീ. ജോർജ് ഈഡൻ: കൊച്ചി നഗരത്തിലെ വൈദ്യുതി വിതരണം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള പനമ്പള്ളി നഗർ സബ്സ്റ്റേഷനെ സംബന്ധിച്ച് കോടതിയിൽ കേസ് ഉള്ളതുമൂലം അത് കമ്മീഷൻ ചെയ്യാൻ സാധിച്ചിട്ടില്ല. അതിന്റെ സ്ഥിതി ഇപ്പോൾ എന്താണ്; അത് എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് പറയാൻ കഴിയുമോ; ആ കേസ് അവസാനിപ്പിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. കാർത്തികേയൻ: കോടതിയിലെ കേസ് ക്ലിയർ ചെയ്യാതെ നമുക്കൊന്നും ചെയ്യാൻ കഴിയുകയില്ല. ആ കേസ് വളരെ ഗൗരവമായിട്ട് തന്നെ ബോർഡ് കൈകാര്യം ചെയ്യുന്നുണ്ട്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: തിരുവനന്തപുരം നഗരത്തിലെ ട്യൂബ് ലൈറ്റുകളൊന്നും കത്തുന്നില്ല, സ്ട്രീറ്റ് ലൈറ്റുകളൊന്നും കത്തുന്നില്ല. അതുകൊണ്ട് ഇക്കാര്യത്തിൽ അടിയന്തിരമായി പരിഹാര മുണ്ടാക്കുമോ? എന്റെ വീടിന് 1;500, 2,000 രൂപയുടെ ബില്ലാണ് അടിച്ചുവരുന്നത്.

ശ്രീ. ജി. കാർത്തികേയൻ: നമ്മുടെ ഇപ്പോഴുള്ള വൈദ്യുതി ക്ഷാമത്തെക്കുറിച്ച് അങ്ങേയ്ക്കറിയാമല്ലോ. സാധാരണ ഗതിയിൽ ഉപയോഗിക്കുന്ന വൈദ്യുതിയ്ക്കു മാത്രമേ ബോർഡ് ബിൽ കൊടുക്കാറുള്ളൂ. അതുകൊണ്ട് എവിടെയെങ്കിലും അധിക ബിൽ വന്നിട്ടുണ്ടെങ്കിൽ ബോർഡ് അത് പരിശോധിക്കുന്നതാണ്.

ശ്രീ. എ. കണാരൻ: കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വടകര ഡീസൽ പ്ലാന്റ് ഉണ്ടാക്കാനുള്ള സംവിധാനമുണ്ടായിരുന്നു. അതിനു പറ്റിയ സ്ഥലവും കൊടുത്തു. പക്ഷെ അതിപ്പോൾ അവിടെനിന്നും മാറ്റിയിരിക്കുകയാണ്. അത് അവിടെനിന്നും മാറ്റാനുള്ള കാരണ മെന്താണ്? അതവിടെത്തന്നെ സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. ജി. കാർത്തികേയൻ: അതിന്റെ കാരണം പല പ്രാവശ്യം പറഞ്ഞതാണ്.

ശ്രീ. സി. പി. ബാലൻ വൈദ്യർ: കോഴിക്കോട് ഡീസൽ പ്ലാന്റിനെക്കുറിച്ച് അങ്ങ് വ്യക്തമായ മറുപടി പറഞ്ഞില്ല. ഒന്നരക്കൊല്ലം മുൻപ് തറക്കല്ലിട്ടതാണ്. ആ തറക്കല്ലിട്ടിടത്തുതന്നെ തുടങ്ങാൻ കഴിയുമെന്നു പറയാമോ? അതുപോലെതന്നെ കുറ്റ്യാടി ആഗ്മെന്റേഷൻ പദ്ധതി, ചെമ്പുകടവ് മിനി ജലസേചന പദ്ധതി എന്നിവകൂടി പൂർത്തിയാക്കിയാൽ കോഴിക്കോട് പട്ടണത്തിലെയും കണ്ണൂർ ജില്ലയിലേയും വൈദ്യുതി ക്ഷാമം പരിഹരിക്കാൻ കഴിയും. അതിന് എന്ത് നടപടി സ്വീകരിക്കാൻ കഴിയുമെന്ന് പറയാമോ?

ശ്രീ. ജി. കാർത്തികേയൻ: കുറ്റ്യാടി ആഗ്മെന്റേഷൻ പദ്ധതി 15 മാസത്തിനുള്ളിൽ കമ്മീഷൻ ചെയ്യാൻ സാധിക്കും. 15 ശതമാനം വർക്ക് മാത്രമേ അവിടെ നടത്താൻ ഇനി ബാക്കിയുള്ളൂ. കോഴിക്കോട് ഡീസൽ പ്രോജക്ടിന്റെ ചോദ്യം മനസ്സിലായില്ല; ഉദ്ദേശം മനസ്സിലായി.

ശ്രീ. എ. സി. ഷൺമുഖദാസ്: മെഡിക്കൽ കോളേജ്, വാട്ടർ സപ്ലൈ എന്നിവയ്ക്ക് ഫീഡർ ലൈൻ ഇല്ലാത്തതുകാരണം വളരെ ബുദ്ധിമുട്ടാണ്. എന്നാൽ തിരുവനന്തപുരത്ത് ഫീഡർ ലൈൻ ഉണ്ട്. കോഴിക്കോട് ഫീഡർ ലൈനില്ല. അതുകാരണം മൂന്നു മണിക്കൂർ പമ്പ് വർക്ക് ചെയ്യുന്നില്ല, വെള്ളം കിട്ടുന്നില്ല. അതുകൊണ്ട് മെഡിക്കൽ കോളേജ്, വാട്ടർ സപ്ലൈ തുടങ്ങിയവയ്ക്ക് ഫീഡർ ലൈൻ ഇല്ലാത്തിടത്ത് ഫീഡർ ലൈൻ നൽകാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. കാർത്തികേയൻ: ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. വാട്ടർ സപ്ലൈ ബാധിക്കാത്ത രീതിയിൽ നടപടി സ്വീകരിക്കണമെന്ന് ബോർഡിന് പ്രത്യേകം നിർദ്ദേശം കൊടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട അങ്ങ് തിരുവനന്തപുരത്ത് ഫീഡർ ലൈൻ ഉണ്ടെന്ന് പറഞ്ഞത്, ശരിയല്ല. തിരുവനന്തപുരത്തും ഇത് ബാധിക്കുന്നുണ്ട്. തിരുവനന്തപുരത്ത് കുണ്ടമൺകടവിൽനിന്നാണ് തിരുവനന്തപുരം നഗരത്തിനാവശ്യമായ വെള്ളം പമ്പ് ചെയ്യുന്നത്. കഴിഞ്ഞ കുറെ ദിവസങ്ങളായി അവിടെയും പ്രശ്നങ്ങളുണ്ട്. പൂജപ്പുരയിൽ കഴിഞ്ഞ കുറെ ദിവസങ്ങളായി വെള്ളം കിട്ടാൻ വളരെ ബുദ്ധിമുട്ടാണ്. അത് പരിഹരിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. ജെ. ജോയി: വൈദ്യുതി വിതരണം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഇലക്ട്രിക് സർക്കിൾ ഡിവിഷനുകൾ പുനഃസംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? കൊച്ചി നഗരത്തിന്റെ വൈദ്യുതി വിതരണം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എറണാകുളം സർക്കിൾ പുനർവിഭജനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ജി. കാർത്തികേയൻ: മൊത്തത്തിൽ ഉപഭോക്താക്കളുടെ എണ്ണം വർദ്ധിച്ചതിന്റെ അടിസ്ഥാനത്തിൽ ആഫീസുകളുടെ പുനഃസംവിധാനം വളരെ സജീവമായി ബോർഡിന്റെയും ഗവൺമെന്റിന്റെയും പരിഗണനയിലുണ്ട്. സ്വാഭാവികമായും സാമ്പത്തികാവസ്ഥ കൂടി കണക്കിലെടുത്തുകൊണ്ടുമാത്രമേ ഒരു തീരുമാനം എടുക്കാൻ കഴിയുകയുള്ളൂ.

ശ്രീ. ടി. നാണുമാസ്റ്റർ: സർ, കെ. എസ്. ഇ. ബി.-യിലെ ഉദ്യോഗസ്ഥൻമാർ കണക്ഷൻ കൊടുക്കാൻ ഉദാസീനത കാണിക്കുന്നതു കൊണ്ട് പല വിഷമങ്ങളുമുണ്ട്. ഉദാഹരണത്തിന് 5 ലക്ഷം രൂപ അടച്ച് 8 മാസമായിട്ടും കുന്നത്തൂർ പഞ്ചായത്ത് വാട്ടർ സപ്ലൈ സ്കീമിന് പൂർണ്ണമായി കണക്ഷൻ ലഭിച്ചിട്ടില്ല. ഈ കണക്ഷൻ കൊടുക്കാത്തതു കാരണം ജപ്തി നടപടികൾക്കും മറ്റ് നടപടികൾക്കും വിധേയമാകുന്നുണ്ട്. ഈ കാര്യങ്ങൾ പരിഗണിച്ച് അത് കാര്യക്ഷമമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. കാർത്തികേയൻ: ശുദ്ധജല വിതരണത്തിന്റെ കാര്യത്തിൽ ബോർഡ് യാതൊരു നിഷേധാത്മകമായ നടപടിയും സമീപനവും എടുത്തിട്ടില്ല. അതിനു തുരന്ന സമീപനമാണുള്ളത്. അദ്ദേഹം സൂചിപ്പിച്ചപോലെ എവിടെയെങ്കിലും ബുദ്ധിമുട്ട് ഉണ്ടെങ്കിൽ തീർച്ചയായും അത് പരിശോധിക്കുന്നതാണ്. വാട്ടർ സപ്ലൈയുടെ കാര്യത്തിൽ ഇതൊന്നും ബാധകമല്ല.

ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: നഗരത്തിൽ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി ലോകബാങ്കിന്റെ സഹായത്തോടുകൂടി അഴീക്കോട് സ്വിച്ചിംഗ് സ്റ്റേഷന്റെയും അഴീക്കോട് സബ്സ്റ്റേഷന്റെയും പണി നടക്കുന്നുണ്ട്. അതിന്റെ പ്രവർത്തനം എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയും; വേൾഡ് ബാങ്കിന്റെ എഗ്രിമെന്റ് പ്രകാരം എന്നത്തേയ്ക്ക് പൂർത്തിയാക്കേണ്ടതാണെന്ന് വ്യക്തമാക്കുമോ?

ശ്രീ. ജി. കാർത്തികേയൻ: അതിന്റെ പ്രവർത്തനം സമയബന്ധിതമായി നടന്നുപോകുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ്: രാത്രിയും പകലും വ്യത്യാസമില്ലാതെ തീർത്ഥാടകർ വന്നുപോയിക്കൊണ്ടിരിക്കുന്ന ഗുരുവായൂരിൽ പവർ കട്ട് മൂലം രാത്രിയിൽ തീർത്ഥാടകർ വളരെയധികം ബുദ്ധിമുട്ടുകയാണ്. അതുകൊണ്ട് ഗുരുവായൂരിൽ പവർകട്ട് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. കാർത്തികേയൻ: ഒരു സ്ഥലത്തു മാത്രമായിട്ട് ഒഴിവാക്കാൻ ബുദ്ധിമുട്ടാണ്. ഗുരുവായൂരിലെ ഭക്തജനങ്ങൾ അത് ക്ഷമിക്കുമെന്നാണ് എന്റെ വിശ്വാസം. അതുപോലെ പവർ അലോക്കേഷന്റെ കാര്യം ഇവിടെ ചോദിച്ചിരുന്നു. അത് ഞാൻ പറയാം.

തീയതി	ലഭിക്കേണ്ടത് (മെഗാവാട്ട്)	ലഭിച്ചത് (മെഗാവാട്ട്)
12-3-1996	10·168	11·327
13-3-1996	10·079	11·507
14-3-1996	10·829	10·827
15-3-1996	10·675	11·682
16-3-1996	10·276	9·616
17-3-1996	10·79	10·431
18-3-1996	10·545	9·405

മിക്ക ദിവസങ്ങളിലും കൂടുതലാണ് കിട്ടിയിരിക്കുന്നത്.

കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവ് തടയുന്നതിന് നടപടി

*3 [109] ശ്രീ. എ. സി. ഷൺമുഖദാസ്:
,, വർക്കല രാധാകൃഷ്ണൻ:
,, സി. പി. ബാലൻ വൈദ്യർ:
,, ടി. ചാത്തു:
,, കെ. കൃഷ്ണൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവ് തടയുന്നതിനും കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായവില കിട്ടുന്നതിനുമായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവ് തടയാൻ രൂപീകരിച്ച അഗ്രികൾച്ചറൽ പ്രൈസസ് ബോർഡിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(സി) സംസ്ഥാനത്തെ കാർഷിക വില നിർണ്ണയ ബോർഡിലെ അംഗങ്ങൾ ആരൊക്കെയാണ്;

(ഡി) പ്രസ്തുത ബോർഡ് രൂപീകരിച്ചശേഷം എത്ര തവണ യോഗം ചേർന്നുവെന്ന് വെളിപ്പെടുത്താമോ;

(ഇ) ബോർഡിന്റെ പ്രവർത്തനങ്ങൾക്ക് ഇതുവരെ എന്തു തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly